എന്നല്ലാതെ ഒരു നടപടി അന്നത്തെ ഗവൺമെൻറും സ്വീകരിച്ചിട്ടില്ല. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ആലോചിച്ച് ഇക്കാര്യത്തിൽ സമ്മർദ്ദം ചെലുത്തുന്നതാണ്.

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ക്ഷേമ സ്ഥാപനങ്ങളുടെ പ്രവർത്തനം

*4 [316] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. പിരപ്പൻകോട് മുരളി:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ക്ഷേമ സ്ഥാപനങ്ങളുടെ പ്രവർത്തനം വഴി സംസ്ഥാനത്തെ അവശ വിഭാഗങ്ങളുടെ ക്ഷേമവും സാമൂഹ്യസുരക്ഷിതത്വവും ഉറപ്പാക്കാൻ കഴിയുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ;

(ബി) സാമൂഹ്യക്ഷേമ വകുപ്പിന്റെ പി.ഡി.എം.സെൽ ക്ഷേമ പ്രവർത്തനങ്ങൾ മോണിട്ടറിംഗ് ചെയ്യാറുണ്ടോ;

(സി) ക്ഷേമ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ നിലനിൽക്കുന്ന പോരായ്മകളും വൈകല്യങ്ങളും പരിഹരിക്കാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, (എ) ക്ഷേമ സ്ഥാപനങ്ങളുടെ പ്രവർത്തനം വഴി എല്ലാ അവശവിഭാഗങ്ങളുടേയും ക്ഷേമം ഉറപ്പാക്കാൻ കഴിയുകയില്ല. ക്ഷേമ സ്ഥാപനങ്ങളിലുള്ള അന്തേവാസികളുടെ ക്ഷേമവും സംരക്ഷണവും മാത്രമേ സ്ഥാപനങ്ങൾ മുഖേന നൽകുവാൻ കഴിയുകയുള്ളൂ. വിശദാംശം അനുബന്ധമായി ചേർക്കുന്നു. †

(ബി) സാമൂഹ്യക്ഷേമ വകുപ്പിലെ പി.ഡി.എം. സെൽ ജെ. ജെ. ആക്ടിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മോണിട്ടർ ചെയ്യാറുണ്ട്.

(സി) ക്ഷേമ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഭരണനവീകരണ പദ്ധതിയുടെ കീഴിൽ സേവന പ്രദാന പദ്ധതിയിൽ ക്ഷേമസ്ഥാപനങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ 48 ക്ഷേമ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഭരണ നവീകരണ പരിപാടിയിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണം, പുനരുദ്ധാരണം, അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കൽ എന്നീ കാര്യങ്ങൾക്കായി 12,58,39,786 രൂപ വകയിരുത്തിയിട്ടുണ്ട്.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അംഗനവാടികൾക്ക് കിറ്റുകളിൽ കൊടുക്കുന്ന സാധനങ്ങളിൽ പ്രാണി കലർന്നതായി വ്യാപകമായ പരാതി ഉയർന്നു വന്നിട്ടുണ്ട്. ആ പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

† അനുബന്ധം I കാണുക.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, പാലക്കാട് ജില്ലയിൽ അത്തരം ഒരു പരാതി ശ്രദ്ധയിൽപ്പെടുകയും ഗവൺമെൻറ് കർശനമായ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, അംഗനവാടികളിൽ പ്രവർത്തി എടുക്കുന്ന ഹെൽപ്പർമാരുടെ പ്രൊമോഷനെ സംബന്ധിച്ച് എന്ത് നടപടി യാണ് എടുത്തിട്ടുള്ളത്; എത്ര പേർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട് എന്ന് വിശദമാക്കാമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, അത് സംബന്ധിച്ച വൺമാൻ കമ്മിഷന്റെ റിപ്പോർട്ട് ഗവൺമെൻറിന്റെ പരിഗണനയിൽ ഉണ്ട്. അംഗനവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ശമ്പള വർദ്ധനവ് കൊടുക്കാനുള്ള തീരുമാനം ഉത്തരവായി. ഉത്തരവ് ഇന്നോ നാളെയോ പുറത്തുവരും.

[ചോദ്യോത്തര സമയം കഴിഞ്ഞു.]

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വ്യവസായ ബന്ധ സമിതികളും മിനിമം വേജസ് കമ്മിറ്റികളും

*5 [317] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം വ്യവസായങ്ങളിലാണ് മിനിമം വേജസ് പ്രഖ്യാപിച്ചിട്ടുള്ളത്;

(ബി) മിനിമം വേജസിന്റെ പട്ടികയിൽ പുതുതായി ഏതെങ്കിലും വ്യവസായങ്ങളിലെ തൊഴിലാളികളെക്കൂടി ഉൾപ്പെടുത്താൻ ഉദ്ദേശിക്കു ന്നുണ്ടോ; എങ്കിൽ ഏതെല്ലാം;

(സി) ഏതെല്ലാം വ്യവസായങ്ങളിലെ കൂലി പരിഷ്കരിക്കാനാണ് മിനിമം വേജസ് കമ്മിറ്റി നിലവിലുള്ളത്;

(ഡി) ജില്ലാടിസ്ഥാനത്തിൽ വ്യവസായ ബന്ധ ഉപസമിതികൾക്ക് രൂപം നൽകാൻ നടപടി സ്വീകരിക്കുമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): (എ) സംസ്ഥാനത്ത് 41 വ്യവസായ മേഖലകളിലെ മിനിമം വേതനം പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. അവയുടെ പേരുവിവരം അനുബന്ധമായി ചേർത്തി രിക്കുന്നു. †

(ബി) വീട്ടുജോലിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തി 23-5-2005-ൽ സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. തടിവെട്ടും അനുബന്ധ ജോലികളും, ആഭരണ നിർമ്മാണ മേഖല, സ്വകാര്യ ക്ഷേത്രങ്ങൾ എന്നീ മേഖലകളെക്കൂടി പട്ടികയിൽ ഉൾപ്പെടുത്താനുള്ള പ്രാഥമിക വിജ്ഞാപനം യഥാക്രമം 1-12-2004, 3-2-2005, 19-4-2005 എന്നീ തീയതികളിലെ ഗസറ്റിൽ പ്രസിദ്ധീകരിച്ചി ട്ടുണ്ട്.

† അനുബന്ധം II കാണുക.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[25-7-2005-ലെ-*4(316)-ന്റെ ഉത്തരം ടേബിളായി കാണുക.]

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ 48 സ്ഥാപനങ്ങളാണ് നിലവിലുള്ളത്. (ഇതിൽ തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിലുള്ള പുരുഷൻമാരുടെ ആശ്രമവേന്റെ പ്രവർത്തനങ്ങളും തുടങ്ങുവാനുള്ള പ്രാരംഭ പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്.) മേൽ 48 സ്ഥാപനങ്ങളിൽ 32 എണ്ണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കഴിഞ്ഞിട്ടുള്ളതാണ്. 16 എണ്ണം വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലും പ്രവർത്തിച്ചുവരുന്നു. അശരണരും ആലംബഹീനരുമായ സ്ത്രീകളെ സംരക്ഷിക്കുന്നതിനുവേണ്ടി 12 മഹിളാ മന്ദിരങ്ങളും പ്രവർത്തിക്കുന്നുണ്ട്. (വയനാട്, ഇടുക്കി ജില്ലകളും ഒഴികെ) വയോജനങ്ങളുടെ സംരക്ഷണത്തിനായി കൊല്ലം, കോട്ടയം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ 9 വൃദ്ധമന്ദിരങ്ങളും തിരുവനന്തപുരത്ത് ചാക്കയിൽ ഒരു കെയർഹോമും ഒരു പകൽ പരിപാലന കേന്ദ്രത്തോടുകൂടിയ സ്ത്രീകളുടെ വൃദ്ധമന്ദിരവും പ്രവർത്തിക്കുന്നുണ്ട്. (ആകെ 11 എണ്ണം) കൂടാതെ വികലാംഗരായ വൃദ്ധജനങ്ങളെ സംരക്ഷിക്കുന്നതിനു വേണ്ടി ആലപ്പുഴ, ഇടുക്കി, വയനാട്, പാലക്കാട് ജില്ലകളിൽ ഓരോ വികലാംഗ വൃദ്ധസദനങ്ങളും പ്രവർത്തിക്കുന്നുണ്ട്. (ആകെ 4 എണ്ണം)

മനോരോഗ വിമുക്തരായ മറ്റാരും ഏറ്റെടുക്കാൻ ഇല്ലാത്ത സ്ത്രീകളെ സംരക്ഷിക്കുന്നതിന് വേണ്ടി തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ ഓരോ ആശ്രമവേനുകളും പ്രവർത്തിക്കുന്നുണ്ട്. (ആകെ 3 എണ്ണം) ഇത്തരത്തിലുള്ള പുരുഷൻമാർക്ക് വേണ്ടി എറണാകുളത്ത് ഒരു സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. കൂടാതെ തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ പുരുഷൻമാരുടെ ആശ്രമവേന്റെ പ്രവർത്തനം തുടങ്ങാനുള്ള പ്രാരംഭ പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. അന്തേവാസികളെ പ്രവേശിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. (ആകെ 3 എണ്ണം)

അസാന്മാർഗ്ഗിക ജീവിതത്തിലേർപ്പെടുന്നവരും വഴിപിഴച്ച ജീവിതത്തിലേക്ക് വഴുതി വീഴാൻ സാദ്ധ്യതയുള്ളവരുമായ സ്ത്രീകളുടെ സംരക്ഷണം ലക്ഷ്യമാക്കി ആലപ്പുഴ, തവന്നൂർ എന്നിവിടങ്ങളിൽ ഓരോ റെസ്ക്യൂ ഹോമുകളും പ്രവർത്തിക്കുന്നുണ്ട്. (ആകെ 2 എണ്ണം)

മഹിളാ മന്ദിരം, ചിൽഡ്രൻസ് ഹോം എന്നിവിടങ്ങളിൽ നിന്നും വിടുതൽ ചെയ്തു വരുന്ന 14-നും 21-നും ഇടയ്ക്ക് പ്രായമുള്ള പെൺകുട്ടികളെ സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള ആഫ്റ്റർ കെയർ ഹോമുകളും കൊല്ലം, കോഴിക്കോട് ജില്ലകളിൽ പ്രവർത്തിക്കുന്നുണ്ട്. (2 എണ്ണം) കൂടാതെ ബാലമന്ദിരം മുതലായ സ്ഥാപനങ്ങളിൽ നിന്നും വിടുതൽ ചെയ്തുവരുന്ന 14-നും 21-നും ഇടയ്ക്ക് പ്രായമുള്ള ആൺകുട്ടികളെ സംരക്ഷിക്കുന്നതിനുള്ള ആഫ്റ്റർ കെയർ ഹോം കണ്ണൂർ ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്. (1 എണ്ണം)

വികലാംഗരായ കുട്ടികളെ സംരക്ഷിക്കുന്നതിന് വേണ്ടി ആലപ്പുഴ, തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ ബാലവികലാംഗ സദനങ്ങളും പ്രവർത്തിക്കുന്നുണ്ട്. (ആകെ 3 എണ്ണം)

വികലാംഗരായ സ്ത്രീകളുടെ സംരക്ഷണത്തിനായി തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ ഓരോ വനിതാ വികലാംഗ സദനങ്ങളും പ്രവർ

LIBRARY ARCHIVES Kerala Legislative Assembly

ത്തിക്കുന്നുണ്ട്. (2 എണ്ണം) കൂടാതെ വികലാംഗരായ പുരുഷൻമാർക്ക് വേണ്ടി ഇത്തരത്തിലുള്ള ഒരു സ്ഥാപനം കോഴിക്കോട് പ്രവർത്തിക്കുന്നുണ്ട്. (1 എണ്ണം)

മാനസിക വികാസം പ്രാപിക്കാത്ത കുട്ടികളുടെ സംരക്ഷണവും ക്ഷേമവും ഉദ്ദേശിച്ച് കോഴിക്കോട് ജില്ലയിൽ ഹോം ഫോർ മെൻറലി ഡെഫിഷ്യൻറ് ചിൽഡ്രൻ എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. (1 എണ്ണം)

ചികിത്സകൊണ്ട് ഭേദപ്പെടുത്തുവാൻ കഴിയാത്ത തരത്തിലുള്ള മാനസിക വൈകല്യമുള്ള 16 വയസ്സിനു മുകളിൽ പ്രായമുള്ള പുരുഷൻമാരുടെ സംരക്ഷണം ലക്ഷ്യമാക്കി തിരുവനന്തപുരത്ത് പ്രതീക്ഷാഭവൻ എന്ന ഒരു സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. (1 എണ്ണം)

കുഷ്ഠരോഗികളായ രക്ഷകർത്താക്കളുടെ രോഗം ബാധിച്ചിട്ടില്ലാത്ത കുഞ്ഞുങ്ങളെ 14 വയസ്സു വരെ സംരക്ഷിക്കുന്നതിനായി നൂറനാട്ട് ചിൽഡ്രൻസ് ഹോം എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. (1 എണ്ണം)

കുടുംബ സംബന്ധമായ തകർച്ച മൂലം വിഷമിതരായ സ്ത്രീകളും, ഏതെങ്കിലും കാരണത്താൽ വഴി തെറ്റിപ്പോകാൻ ഇടയുള്ള പെൺകുട്ടികളും എന്നിവരെ താൽക്കാലികമായി സംരക്ഷിക്കുന്നതിന് വേണ്ടി കോഴിക്കോട് ജില്ലയിൽ ഷോർട്ട് സ്റേറ ഹോം എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ട് (1 എണ്ണം). (മേൽ സ്ഥാപനങ്ങളും എല്ലാം ചേർന്ന് 48 എണ്ണം)

ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് പ്രതിമാസം 450 രൂപ സർക്കാർ സംരക്ഷണ ചെലവായി ചെലവഴിക്കുന്നുണ്ട്. കൂടാതെ മരുന്നിന് വേണ്ടി റെസ്ക്യൂ ഹോമുകളിൽ 500 രൂപയും ആശാഭവനുകളിൽ 400 രൂപയും മറ്റ് സ്ഥാപനങ്ങളിൽ 200 രൂപയും പ്രതിവർഷം സർക്കാർ ചെലവഴിക്കുന്നു. വിദ്യാഭ്യാസ ചെലവിനായി പ്രതിവർഷം 400 രൂപയും നൽകുന്നുണ്ട്. വനിതാ അന്തേവാസികളുടെ വിവാഹത്തിനായി പരമാവധി 5000 രൂപ സർക്കാർ ചെലവഴിക്കുന്നുണ്ട്.

അനുബന്ധം II

[*5 (317)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക.]

1. കാർഷിക പ്രവർത്തന മേഖല
2. ആയുർവേദിക് ആൻറ് അലോപ്പതി
3. ബീഡി_സിഗാർ വ്യവസായം
4. ഇഷ്ടിക നിർമ്മാണം
5. ബ്ലോക്ക് നമ്പർ ഫാക്ടറികൾ
6. കയർ വ്യവസായം
7. കശുവണ്ടി വ്യവസായം
8. സിനിമാവ്യവസായം
9. കെട്ടിട നിർമ്മാണം, റോക്ക് നിർമ്മാണം/കല്ലുടയ്ക്കൽ, പാറ പൊട്ടിക്കൽ
10. കൊപ്രാ ഉണ്ടാക്കുന്നതിനുള്ള തേങ്ങയുണക്കൽ
11. മത്സ്യ സംസ്ക്കരണ മേഖല
12. വനം മേഖല
13. ആനകളുടെ പരിപാലനവും സംരക്ഷണവും
14. ഹോസ്റേറലുകൾ
15. മലഞ്ചരക്ക് വ്യവസായം

LIBRARY ARCHIVES Kerala Legislative Assembly